## കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഡയറക്ടറുടെ നടപടിക്രമം.
## കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

(ഹാജർ - എ.ആർ അജയകുമാർ ഐ.എ.എസ്)

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി ഫീൽഡ് ആഫീസർ തസ്തികയിലെ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :- (1) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 128/19/എസി തീയതി 06.02.2019

(2) തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 02/12/2019 തീയതിയിലെ ഇ(1) 14392/19 പ്രകാരമുള്ള കത്ത്.

(3) കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 03/12/2019 തീയതിയിലെ ഇ(1) 9061/2019 പ്രകാരമുള്ള കത്ത്.

(4) ഈ കാര്യാലയത്തിലെ 23/11/2019 തീയതിയിലെ എസ്.എഡി (1) 21483/18 പ്രകാരമുള്ള ഉത്തരവ്.

(5) ശ്രീമതി എം. പി. ശ്രീജ, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 19.09.2019 തീയതിയിലെ അപേക്ഷ.

(6) ശ്രീ. രാജൻ കെ, കൃഷി ഫീൽഡ് ഓഫീസറുടെ 11.10.2019 തീയതിയിലെ അപേക്ഷ.

(7) ശ്രീ. വി. സജി, അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 28/11/2019 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ എസ്.ഇ (2) 5700/19 തീയതി: 11/12/2019**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഫീൽഡ് ആഫീസർ തസ്തികയിൽ ചുവടെ പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | ഒഴിവ് വന്ന കൃഷിഭവൻ | ഒഴിവ് വന്ന തീയതി | ഒഴിവ് വന്ന കാരണം |
|---|---|---|---|
| 1. | കാഞ്ഞങ്ങാട് കൃഷി ഭവൻ | | ശ്രീ. പി. മണികണ്ഠൻ കൃഷി ഫീൽഡ് ആഫീസർക്ക് കൃഷി ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് |
| 2. | തലശ്ശേരി, കൃഷി ഭവൻ | | ശ്രീ. പ്രകാശൻ കലപ്പൻ കൃഷി ഫീൽഡ് ആഫീസർക്ക് AO ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് |
| 3. | കൃഷിഭവൻ, വൈക്കം | 01.12.2019 | ശ്രീ.എൻ. അനിൽ കുമാർ, കൃഷി ഫീൽഡ് ആഫീസർ വിരമിച്ച ഒഴിവ് |
| 4. | കൃഷിഭവൻ, തൃശ്ശൂർ | 01.12.2019 | ശ്രീമതി.എ.ലൈല, കൃഷി ഫീൽഡ് ആഫീസർ വിരമിച്ച ഒഴിവ് |

ടി ഒഴിവുകളിലേക്ക് പരാമർശം 5,6 പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് ചുവടെ രേഖപ്പെടുത്തിയ പ്രകാരം സ്ഥലമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | നിലവിൽ ജോലി നോക്കുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകുന്ന ആഫീസ് |
|---|---|---|
| 1. | ശ്രീമതി. എം.പി. ശ്രീജ, കൃഷി ഫീൽഡ് ഓഫീസർ, കൃഷിഭവൻ, പൊന്നാനി | കൃഷി ഭവൻ കാഞ്ഞങ്ങാട്, കാസറഗോഡ് (ശ്രീ.പി.മണികണ്ഠൻ, കൃഷി ഫീൽഡ് ആഫീസർക്ക് കൃഷി ആഫീസറായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ). |
| 2. | ശ്രീ. കെ രാജൻ, കൃഷി ഫീൽഡ് ഓഫീസർ, കൃഷിഭവൻ കുന്നംകുളം, തൃശ്ശൂർ | കൃഷിഭവൻ തലശ്ശേരി, കണ്ണൂർ (ശ്രീ.പ്രകാശൻ കലപ്പീൻ , കൃഷി ഫീൽഡ് ആഫീസർക്ക് കൃഷി ആഫീസറായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ) |

ഈ ഓഫീസിലെ 04.09.2019 -ലെ എസ് ഇ (2) 19705/19 നമ്പർ ഉത്തരവ് പ്രകാരം കോട്ടയം വൈക്കം കൃഷിഭവനിലെ കൃഷി ഫീൽഡ് ഓഫീസർ ആയ ശ്രീ. എൻ. അനിൽകുമാറിനെ പുനലൂർ കൃഷിഭവനിലേയ്ക്കും, പുനലൂർ കൃഷി ഫീൽഡ് ഓഫീസറായ ശ്രീ. വി. എൽ പ്രഭയെ വൈക്കം കൃഷിഭവനിലേയ്ക്കും സ്ഥലം മാറ്റം നൽകി നിയമിച്ചിരുന്നു. എന്നാൽ ശ്രീ. എൻ അനിൽകുമാർ നാളിതുവരെ പുനലൂർ കൃഷിഭവനിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതും, 30.11.2019 -ൽ വൈക്കം കൃഷിഭവനിൽ നിന്ന് വിരമിക്കുകയും ചെയ്തു. ആയതിനാൽ ശ്രീ. വി എൽ പ്രഭ, കൃഷി ഫീൽഡ് ഓഫീസറെ പുനലൂർ കൃഷിഭവനിൽ നിലനിർത്തികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം 1 പ്രകാരം കൃഷി ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹരായ കൃഷി അസിസ്റ്റന്റുമാരുടെ പട്ടിക സർക്കാർ അംഗീകരിച്ചിരുന്നു. ടി പട്ടികയിൽ നിന്നും ക്രമനമ്പർ 19 വരെയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. ആയതിനാൽ വകുപ്പിൽ നിലവിലുള്ള 2 ഒഴിവിലേക്ക് പരാമർശം ഒന്ന് പ്രകാരമുള്ള അർഹത പട്ടികയിലെ ക്രമ നമ്പർ 20 മുതൽ 21 വരെയുള്ള അസിസ്റ്റന്റ് കൃഷി ഓഫീസർമാർക്ക് സ്ഥാനക്കയറ്റം നൽകി 35700-75600 ശമ്പള സ്കെയിലിൽ കൃഷി ഫീൽഡ് ഓഫീസർമാരായി ചുവടെ പറയുന്ന പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

## സ്ഥാനക്കയറ്റം

| ക്രമ നമ്പർ | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|
| 1. | ശ്രീ. സജി. റ്റി. അസിസ്റ്റന്റ് കൃഷി ഓഫീസർ, ജില്ലാ ഫാം എക്സ്റ്റൻഷൻ യൂണിറ്റ് ചെറ്റച്ചൽ, വിതുര | കൃഷി ഭവൻ, വൈക്കം, കോട്ടയം |
| 2. | ശ്രീമതി. സതി പി.ഐ, അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷിഭവൻ ഉദയംപേരൂർ | കൃഷിഭവൻ, തൃശ്ശൂർ |

മേൽ പട്ടിക പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച കൃഷി ഫീൽഡ് ഓഫീസർമാർ പ്രൊമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറുമാസത്തെ പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്. ടി ജീവനക്കാർ വിട്ടുതൽ ചെയ്തു/ ജോലിയിൽ പ്രവേശിച്ച വിവരം ആർ.റ്റി.സി പകർപ്പ് സഹിതം ഈ ഓഫീസിലും അക്കൗണ്ടന്റ് ജനറലിനെയും അറിയിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സേവനപുസ്തകം (ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയ ശേഷം) അന്തിമ വേതനപത്രം, ഗസറ്റഡ് എൻറൈറ്റിൽമെന്റ് രജിസ്റ്റർ ആർ.റ്റി.സി പകർപ്പ് എന്നിവ സഹിതം പുതിയ ശമ്പളനിർണ്ണയത്തിനായി ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ നേരിട്ട് അക്കൗണ്ടന്റ് ജനറലിനു കൈമാറേണ്ടതാണ്. നോൺ ഗസറ്റഡ് സേവനപുസ്തകം അക്കൗണ്ടന്റ് ജനറലിൽ നിന്നും തിരികെ ലഭ്യമായശേഷം ഈ ഓഫീസിൽ നൽകേണ്ടതാണ്.

(ഒപ്പ്)

**ഡയറക്ടർ**
**കാർഷികവികസന കർഷകക്ഷേമ വകുപ്പ്**

ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുഖേന)

BINDU MOL. T
Administrative Assistant.II
Agriculture Development &
Farmers Welfare Department
Vikas Bhavan, Trivandrum

**പകർപ്പ്**

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
3. ഐ.റ്റി.സെൽ
4. സ്റ്റോക്ക് ഫയൽ/അധികം

NP 03/12 tp 22